**Lalith Babu**

**മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതു താൽപ്പര്യം കാരണം വെളിപ്പെടുത്തുവാൻ നിശ്ചയിക്കുന്നുവെങ്കിൽ വെളിപ്പെടുത്തുന്നതിന് മുമ്പായി മൂന്നാം കക്ഷിയുടെ അഭിപ്രായം അറിയേണ്ടതായിട്ടുണ്ട്**

<u>വകുപ്പ് 11 (1) പ്രകാരം മൂന്നാം കക്ഷിയ്ക്ക് നൽകുന്ന നോട്ടീസിന്റെ മാതൃക</u>

പ്രേഷിതൻ

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

..................................

സ്വീകർത്താവ്

ശ്രീ..............................

സർ,

വിഷയം: വിവരാവകാശ നിയമം..2005 ..മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ട വിവരങ്ങൾ.. വകുപ്പ് 11 പ്രകാരമുള്ള നടപടി. സംബന്ധിച്ച്

സൂചന : ശ്രീ.............എന്നയാളുടെ.............തീയതിയിലെ അപേക്ഷ

..............

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. ശ്രീ..........എന്നയാൾ താങ്കളുമായി ബന്ധപ്പെട്ട/താങ്കൾ ഈ പബ്ളിക് അതോറിറ്റിയിൽ ഏൽപ്പിച്ച.......................വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. ടി വിവരങ്ങൾ മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ട വിവരങ്ങളാണെങ്കിലും ടി വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് അനുകൂലമായി വൻതോതിലുള്ള പൊതുതാൽപ്പര്യം ഉള്ളതായി അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുകയും അപേക്ഷ പരിശോധിച്ചതിൽ നിന്ന് ആ കാര്യം ശരിയാണെന്ന് ബോധ്യമാവുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ടി വിവരങ്ങൾ വെളിപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നു. എന്നാൽ ടി വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് മുമ്പായി ഈ കാര്യത്തിൽ താങ്കളുടെ അഭിപ്രായവും അറിയേണ്ടതായിട്ടുണ്ട്. വിവരങ്ങൾ വെളിപ്പെടുത്തിയാൽ താങ്കൾക്കുണ്ടാവുന്ന പ്രയാസങ്ങളെക്കുറിച്ചും മറ്റുമുള്ള കാര്യങ്ങൾ ഈ കത്ത് ലഭിച്ച് 10 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിലേയ്ക്ക് അറിയിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനകം താങ്കളുടെ മറുപടി ലഭിച്ചില്ലായെങ്കിൽ വിവരം വെളിപ്പെടുത്തുന്നതിൽ താങ്കൾക്ക് വിരോധമില്ല എന്ന നിഗമനത്തിൽ വിവരം അപേക്ഷകന് നൽകുന്നതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ